I/96821/2022

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെനടപടി ക്രമം**
**(സാന്നിദ്ധ്യം:- .LALI K)**

വിഷയം:- മോട്ടോർ വാഹന വകുപ്പ് – ജീവനക്കാര്യം - ക്ലാർക്ക് തസ്തികയിലെ 10% ഒഴിവുകളിലേയ്ക്ക് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് / താഴ്ന്ന വിഭാഗം ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള — ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. 03.01.2014-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ11/2014/ഉ.ഭ.പ.വ
2. 22.01.2020-ലെ ജി.ഒ(പി) നം.4/2020/പി&എ.ആർ.ഡി നമ്പർ സർക്കാർ ഉത്തരവ്
3. 06.03.2020-ലെ ജി.ഒ(ആർ.റ്റി) നം.103/2020/ട്രാൻസ് നമ്പർ സർക്കാർ ഉത്തരവ്
4. 28.09.2020 തീയതിയിലെ എ2/31647/2017/റ്റിസി നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ. A2/130/2022-TC തീയതി 15-11-2022**

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന ക്ലാർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് ക്ലാസ് IV, സബോർഡിനേറ്റ് സർവ്വീസിൽപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവർക്ക് പി.എസ്.സി. മുഖേന നിലവിൽ അനുവദിച്ചിട്ടുള്ള 10% തസ്തികമാറ്റത്തിന് പുറമേ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവരും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തിക മാറ്റം വഴി അതാത് വകുപ്പിലെ ക്ലാർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിലും കൂടി യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തിക മാറ്റം അനുവദിച്ച് നൽകാൻ ഉത്തരവിട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2),(3) പ്രകാരം വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് വകുപ്പിൽ ഉണ്ടായ ഒഴിവുകൾക്ക് ആനുപാതികമായി ഒ.എ/അറ്റൻഡർ/ഡ്രൈവർമാരുടെ ജില്ലാതല സീനിയോറിറ്റി ലിസ്റ്റിൽ നിന്നും യോഗ്യതയുടെയും സീനിയോറിട്ടിയുടെയും അടിസ്ഥാനത്തിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് ഒ.എ/അറ്റൻഡർ/ഡ്രൈവർ എന്നീ വിഭാഗം ജീവനക്കാരെ ഉൾപ്പെടുത്തികൊണ്ടുള്ള combined seniority list പരാമർശം (4) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മോട്ടോർ വാഹന വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ആകെ ഉണ്ടായ ഒഴിവുകളുടെ 10% ഒഴിവുകളിലേക്ക് പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഒ.എ/അറ്റൻഡർ/ഡ്രൈവർ എന്നിവരെ ഉൾപ്പെടുത്തികൊണ്ടുള്ള ജില്ലാതല combined സീനിയോറിറ്റി ലിസ്റ്റിൽനിന്നും യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ വകുപ്പിലെ ക്ലാസ് IV ജീവനക്കാരെ തസ്തികമാറ്റം മുഖേന ക്ലാർക്ക് തസ്തികകളിലേക്ക് പരാമർശം (2,3) – ലെ സർക്കാർ ഉത്തരവിന് വിധേയമായി എറണാകുളം ജില്ലയിൽ ശ്രീ അബ്ദുള്ള എം പി, ശ്രീ സതീഷ് വർമ്മ എന്നിവർക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന് ഉണ്ടായ ഒഴിവുകളിലേക്ക് എറണാകുളം ജില്ലാതല സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ക്രമനമ്പർ 2, ക്രമനമ്പർ 3 അയ (1) **ശ്രീ. ബിജോ സെബാസ്റ്റ്യൻ,** ഓഫീസ് അറ്റൻഡന്റ്, (2) ശ്രീമതി. **റീജ പി ജെ**, ഓഫീസ് അറ്റൻഡന്റ് എന്നിവർക്കും കണ്ണൂർ ജില്ലയിൽ ശ്രീമതി ദീപിക പി.കെ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന് ഉണ്ടായ ഒഴിവിലേക്ക് കണ്ണൂർ ജില്ലാതല സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ക്രമനമ്പർ 2 അയ, **ശ്രീ. വിനേഷ് പി,** അറ്റൻഡർ, പത്തനം തിട്ട

I/96821/2022

ജില്ലയിൽ ശ്രീ ഗോപകുമാർ പി ജി സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന് ഉണ്ടായ ഒഴിവിലേക്ക് പത്തനംതിട്ട ജില്ലാതല സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ക്രമനമ്പർ 2 ആയ **ശ്രീമതി. അസീന ആർ**, ഓഫീസ് അറ്റൻഡിനും ചുവടെ പരാമർശിക്കും പ്രകാരം തസ്തികമാറ്റം മുഖേന **ക്ലാർക്ക്** തസ്തികയിൽ ₹ 26500 - 60700 ശമ്പള സ്കെയിലിൽ നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം | ജില്ല | പേര് | നിലവിൽ ജോലി ചെയ്യുന്ന ഓഫീസ് | ക്ലാർക്കായി നിയമിച്ചിരിക്കുന്ന ഓഫീസ് |
|---|---|---|---|---|
| 1. | എറണാകുളം | ബിജോ സെബാസ്റ്റ്യൻ, ഓഫീസ് അറ്റൻഡന്റ് | സബ് ആർ.ടി.ഓഫീസ് കോതമംഗലം | ആർ,.ടി.ഓഫീസ് എറണാകുളം (ക്ലാർക്ക് തസ്തികയിൽ) |
| 2. | എറണാകുളം | റീജ പി ജെ, ഓഫീസ് അറ്റൻഡന്റ് | സബ് ആർ.ടി.ഓഫീസ്, ആലുവ | ആർ,.ടി.ഓഫീസ്, എറണാകുളം (ക്ലാർക്ക് തസ്തികയിൽ) |
| 3. | പത്തനം തിട്ട | അസീന ആർ, ഓഫീസ് അറ്റൻഡന്റ് | സബ് ആർ ടി ഓഫീസ് തിരുവല്ല. | സബ്ആർ.ടി.ഓഫീസ്, റാന്നി. (ക്ലാർക്ക് തസ്തികയിൽ) |
| 4 | കണ്ണൂർ | വിനേഷ് പി, അറ്റൻഡർ | സബ് ആർ.ടി.ഓഫീസ് ഇരിട്ടി | ആർ,.ടി.ഓഫീസ് കണ്ണൂർ(ക്ലാർക്ക് തസ്തികയിൽ) |

ബന്ധപ്പെട്ട എല്ലാ നിയന്ത്രണാധികാരികളും മേൽപ്പറഞ്ഞ ജീവനക്കാരെ ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികയിലെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപ് യോഗ്യതാ സംബന്ധമായ സർട്ടിഫിക്കറ്റുകൾ കൃത്യമായി പരിശോധിക്കേണ്ടതും അവർ ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രവേശിക്കുവാൻ യോഗ്യമാണോ എന്ന് ബന്ധപ്പെട്ട റിക്കാർഡുകളും സർട്ടിഫിക്കറ്റുകളും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും ടി ജീവനക്കാർ വിടുതൽ ചെയ്ത, ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികകളിൽ ജോലിയിൽ പ്രവേശിച്ച തീയതി ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

Signed by
Lali K
Date: 15-11-2022 11:24:06

LALI K
SENIOR ADMINISTRATIVE OFFICER

I/96821/2022

സ്വീകർത്താവ്,

ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും (നിയന്ത്രണാധികാരികൾ മുഖാന്തിരം)

പകർപ്പ്:-

1. ബന്ധപ്പെട്ട എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ/ആർ.ടി.ഒ/ജോയിന്റ് ആർ.ടി.ഒ മാർക്കും,
2. ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എ/ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ/ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)/സീനിയർ എ.ഒ/സീനിയർ ഡി.റ്റി.സി/ഒ.സി/അധിക പകർപ്പ്.